# ഗവ. യു.പി. സ്കൂൾ,

# കണ്ടിയൂർ, തട്ടാരമ്പലം. പി. ഒ

# അക്കാദമിക മാസ്റ്റർ പ്ലാൻ



# സമഗ്ര വിദ്യാലയ വികസന
# പദ്ധതി 2025 - 26
# ഗവ. യൂ. പി. എസ്
# കണ്ടിയൂർ

സാക്ഷാത്കാരം

**വിദ്യാലയ വികസന സമിതി**

**ഗവ. യൂ. പി. എസ്, കണ്ടിയൂർ**

C

# ആമുഖം

യാഥാസ്ഥിതിക ചിട്ടവട്ടങ്ങളിൽ നിന്ന് അപ്പാടെ മുക്തമായ വിദ്യാഭ്യാസ സമ്പ്രദായം പുതിയ തുറസ്സുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. പഠിതാവിന്റെ സഹജജ്ഞാനം അംഗീകരിക്കപ്പെടുക വഴി രാഷ്ട്ര നിർമ്മാണമെന്ന ജനാധിപത്യ ദൗത്യമാണ് പൊതു വിദ്യാഭ്യാസം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. 2009- ലെ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിരിക്കുന്നു. പരിമിതികൾ/പരിധികളില്ലാത്ത അക്കാഡമിക/ഭൗതിക ചുറ്റുപാടുകൾ കൂടി അർഹിക്കുന്നു. അതു കൊണ്ടു തന്നെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണം. മികച്ച കരിക്കുലവും പഠനചുറ്റുപാടുകളും ഭൗതിക സാഹചര്യവും വേണം. അറിവിന്റെ സമസ്ത മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് കൃത്യമായ ആസൂത്രണവും പിഴവുകളില്ലാത്ത നിർവ്വഹണവും സാദ്ധ്യമാക്കണം.

പൊതു വിദ്യാഭ്യാസ രംഗം ഉണരുകയാണ്. കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്. ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്ക് നയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരും, വിദ്യാഭ്യാസ വകുപ്പും മുന്നോട്ടുവെച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ അക്കാഡമിക സമൂഹവും പൊതുജനങ്ങളും ഏറ്റെടുത്തു കഴിഞ്ഞു. അതിന്റെ പ്രതിഫലനവമാണ് ഈ വർഷം അൺ എയ്ഡഡ് സ്കുളുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും, പാരിസ്ഥിതികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങളായ മതേതരത്വം, ശാസ്ത്രബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുകൂല മനോഭവം, കുട്ടികളുടെ അവകാശ നിയമം എന്നിവ ഉറപ്പാക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, അക്കാഡമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ ഹൈടെക് സൗകര്യങ്ങൾ ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

വിദ്യാലയ വികസന പദ്ധതി നടപ്പാക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതു പ്രശ്സതരായ അഭ്യുദയകാംക്ഷികൾ, പൊതു സമൂഹം തുടങ്ങി എല്ലാ സ്രോതസ്സുകളിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിനും അവസരമൊരുക്കുന്നുണ്ട്. ഇങ്ങനെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക എന്ന മഹത്തായ ലക്ഷ്യമാണ് മുന്നോട്ടു വെച്ചിട്ടുള്ളത്.

ഇതിനായി സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. സ്ക്കൂൾ വികസന സമിതിയുടെ നേതൃത്വത്തിൽ വികസന പദ്ധതികൾ അക്കാഡമികം, സാമൂഹികം, ഭൗതികം എന്നീതലങ്ങളിൽ വികസിപ്പിക്കുകയും ചർച്ചയിലൂടെ അത് തീരുമാനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുന്നതിന് ഞങ്ങളോടൊപ്പം സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

കണ്ടിയൂർ ഗവ. യൂ.പി. സ്ക്കൂൾ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തയ്യാറാക്കിയ വികസന പദ്ധതി ഇവിടെ സമർപ്പിക്കുകയാണ്. ഇത് ഒരു സമൂഹിക രേഖയാണ്. പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും വിലയേറിയ നിർദ്ദേശങ്ങളും പുതിയ പദ്ധതി സംബന്ധിച്ച കാഴ്ചപ്പാടുകളും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കണം. സുതാര്യവും മികവുറ്റതുമായ നിർവ്വഹണരീതിയാണ് കമ്മറ്റി ലക്ഷ്യം വെയ്ക്കുന്നത്. നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും നൈപുണികളും ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിതശ്രമത്തിന് താങ്കളുടെ പൂർണ്ണമായ പിന്തുണയും സഹകരണവും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ദേശീയ പാഠ്യപദ്ധതി (NCF), കേരള പാഠ്യ പദ്ധതി ( KCF), വിദ്യാഭ്യാസ അവകാശനിയമം ഇവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസനപദ്ധതിരേഖ സാഭിമാനം കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർക്കുമുന്നിൽ സമർപ്പിക്കുന്നു.

എന്ന്,

സുനിൽകുമാർ<br>
SMC ചെയർമാൻ<br>
ഗവ. യൂ.പി.എസ്<br>
കണ്ടിയൂർ

ഷാഹിദ. എ<br>
ഹെഡ്മിസ്ട്രസ്സ്<br>
ഗവ. യൂ.പി.എസ്<br>
കണ്ടിയൂർ

**അദ്ധ്യായം – 1** 

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും, മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്ക്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക. കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രന്ഥിക്കുക, നിരന്തര മൂല്യ നിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാദ്ധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ടിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

1 മുതൽ 7 വരെ ഓരോ ക്ലാസ്സുകളിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്തരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക. (പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം, തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടിയിരിക്കണം).

- ✦ എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും, കലാകായിക പ്രവൃത്തി പരിചയത്തിൽ സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

- ✦ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതീക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

- ✦ ഹൈടെക് ക്ലാസ്മുറികൾ ഒരുക്കും.

- ✦ ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കുവാൻ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

- ✦ ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

- ✦ ക്ലാസ്സുമുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

- ✦ കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

6

✦ ഗവേഷണാത്മക അദ്ധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.

✦ പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

✦ പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

✦ സ്കൂൾ ലൈബ്രറി, ലാബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

✦ ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

✦ കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.

✦ മദ്യപാനം, മയക്കുമരുന്ന് ഇവയുടെ ഉപയോഗം പുതിയ തലമുറയിൽനിന്നും ഒഴിവാക്കാനുന്നതരത്തിൽ ഇടപെടലുകൾ നടത്തും.

✦ പ്ലാസ്റ്റിക്ക് മുക്ത-കീടനാശിനിമുക്ത-ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.

✦ കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും.

✦ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

✦ വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.

✦ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.

✦ കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യമൊരുക്കും.

✦ സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.

✦ സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുംവിധം പ്രയോജനപ്പെടുത്തും.

## അദ്ധ്യായം - 2 വിദ്യാലയത്തിന്റെ ലഘുചരിത്രം

കണ്ടിയൂർ കൈമൾ വീട്ടിൽ (കൈമൂട്ടിൽ) മഠത്തിൽ പറമ്പിൽ (ആറാട്ടുകടവിൽ) വീട്ടുകാർ വക വസ്തുവകകൾ, കണ്ടിയൂർ പുത്തൻവീട്ടിൽ, കൊപ്പാറവടക്കതിൽ, മാവോലിൽ വീട്ടിൽ, ചാലൂർ ചിരനച്ചിവീട്, വാഴപ്പള്ളിവീട്, അറയ്ക്കൽ വായനച്ചുവീട്ടിൽ, പായിയ്ക്കാട് എന്നീ വീട്ടുകാരുടെ സാന്നിദ്ധ്യത്തിൽ ആയിരത്തി തൊണ്ണൂറാമാണ്ട് ആടിമാസം 25-ാം തീയതി (1915) തിരുവിതാംകൂർ ഗവൺമെന്റിലേക്ക് നൽകിയതനുസരിച്ച് പ്രവർത്തനം ആരംഭിച്ചതാണ് കണ്ടിയൂർ ഗവ. യു.പി. സ്ക്കൂൾ. സ്ത്രീവിദ്യാഭ്യാസം സാർവർത്രികമല്ലാതിരുന്ന കാലത്ത് സ്ഥാപിതമായ ഈ വിദ്യാലയം സ്ത്രീ വിദ്യാഭ്യാസത്തിനും, മറ്റെല്ലാ വിഭാഗക്കാരുടെയും വിദ്യാഭ്യാസത്തിനും വളരെ സഹായകരമായിരുന്നു.

ആദ്യകാലങ്ങളിൽ ഓരോ ക്ലാസ്സും മൂന്നു ഡിവിഷനുകളോടെ പ്രവർത്തിച്ചിരുന്നു. ഏകദേശം അറുനൂറു വിദ്യാർത്ഥികളധികം ഈ വിദ്യലയത്തിൽ പഠനം നടത്തിയിരുന്നു. അന്ന് പ്രാഥമിക വിദ്യാഭ്യാസത്തിന് വളരെയധികം വിദ്യാലയങ്ങളൊന്നും പരിസരപ്രദേശത്ത് ഉണ്ടായിരുന്നില്ല.

1986 ൽ ഈ സ്ക്കൂൾ ഒരു യു.പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. ആ കാലയളവിൽ ധാരാളം കുട്ടികൾ ഇവിടെ പഠനം നടത്തിയിരുന്നു. പിന്നീട് കുട്ടികളുടെ പ്രവേശനത്തിൽ ഗണ്യമായ മാറ്റം സംഭവിച്ചു. കാലക്രമേണ ഓരോ ക്ലാസ്സിലും കുട്ടികൾ കുറഞ്ഞു തുടങ്ങി. പരിസര പ്രദേശങ്ങളിൽ അൺഎയിഡഡ് സ്ക്കൂളുകളുടെ ആവിർഭാവം ഈ സ്ക്കൂളിനെ വളരെയധികം ബാധിച്ചു. ആധുനിക സൗകര്യങ്ങളും വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുള്ള അൺഎയിഡഡ് സ്ക്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് രക്ഷകർത്താക്കൾ തൽപ്പരരായി. ഇപ്പോൾ ഈ സ്ക്കൂളിന്റെ പരിസര പ്രദേശങ്ങൾ അംഗീകാരമുള്ളതും അല്ലാത്തതുമായി ഏകദേശം 10 ഓളം സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. തിരക്കുപിടിച്ച മാവേലിക്കര - കായംകുളം സംസ്ഥാന പാതയുടെ സൈഡിൽ സ്ഥിതിചെയ്യുന്ന ഈ സ്ക്കൂളിലേക്ക് കുട്ടികളെ തനിയെ അയക്കാൻ രക്ഷിതാക്കൾക്ക് വിമുഖതയുണ്ട്. വാഹന സൗകര്യം ഏർപ്പെടുത്തിയാൽ ഇതിനു പരിഹാരാമാവുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടികളോട് സ്നേഹവും ആത്മാർത്ഥതയും ഉത്തരവാദിത്വബോധവുമുള്ള ഒരുപറ്റം അദ്ധ്യാപകർ സ്ക്കൂളിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതിനു പരിഹാരം കാണാൻ ശ്രമിക്കുന്ന ഹെഡ്മിസ്ട്രസ്സ്, മുനിസിപ്പാലിറ്റി അധികൃതർ, സ്ക്കൂളിനോട് ആത്മാർത്ഥതയും പ്രതിപത്തിയുമുള്ള രക്ഷിതാക്കൾ, അഭ്യുദയകാംക്ഷികളായ പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അദ്ധ്യാപകർ ഇവരുടെ കൂട്ടായ പ്രവർത്തനം ഈ സ്ക്കൂളിന് മുതൽക്കൂട്ടാണ്. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ വിദ്യാലയമുത്തശ്ശി പലപ്രശസ്തർക്കും പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മധുരം നുകർന്നു നൽകിയിട്ടുണ്ട്. ഒരു നൂറ്റാണ്ടുകാലത്തെ മധുരസ്മരണകളയുർത്തുന്ന ഈ വിദ്യാലയം കണ്ടിയൂർ പ്രദേശത്തിന്റെ അഭിമാനമാണ്.

c

അദ്ധ്യായം - 3

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കുവാനും ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുവാനും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

- 1-7 ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.

- 5 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് (ഗവ., എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത്, വ്യവസായികൾ, എൻ.ആർ.ഐ, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.

- 1 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാനവസരമൊരുക്കുക.

- വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അദ്ധ്യയനം ഉറപ്പാക്കുക.

- വിദഗ്ദരായ അദ്ധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അദ്ധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.

- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

- കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതീകവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.

- ഗവേഷണാത്മക അദ്ധ്യാപനത്തിലും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തര വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.

- കുട്ടിയുടെ പഠന വേഗത, ശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.

- സ്വയംപഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകരമായ ഭൗതിക സാഹചര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.

C

- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

- ജൈവ വൈവിദ്ധ്യഉദ്യാനം, നക്ഷത്രവനം, തണൽമരങ്ങൾ, പൂന്തോട്ടം, ശലഭ ഉദ്യാനം.

- കുട്ടികളുടെ മാനസ്സികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽതന്നെ ഉറപ്പാക്കുക.

- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനും കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസം അവകാശ നിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.

- പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

## അദ്ധ്യായം-4 നിലവിലെ അവസ്ഥാ വിശകലനം

അദ്ധ്യാപകർ/ മറ്റുള്ളവർ

| ആകെ അനുഭവിച്ച തസ്തിക<br>തസ്തികയുടെ പേര് | നിലവിലുള്ളത്<br>എണ്ണം |
|---|---|
| 1. ഹെഡ്മിസ്ട്രസ് | 1 |
| 2. എൽ. പി. എസ്. എ | 3 |
| 3. യു. പി. എസ്. എ | 3 |
| 4. ജൂനിയർ ഹിന്ദി (പാർട്ട് ടൈം) | 1 |
| 5. ഓഫീസ് അസിസ്റ്റന്റ് | 1 |
| 6. പി ടി സി എം | 1 |

വിദ്യാലയ വികസനം മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും ഹൈടെക് പദവിയിലൂള്ള ഒരു വിദ്യാലയമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പുതിയ കാലം പുതിയ ഇഷ്ടങ്ങളുടേതാണ് എന്നിരുന്നാലും സാംസ്കാരിക നിലയങ്ങൾ എന്ന നിലയിൽ വിദ്യാലയങ്ങൾ വായിക്കപ്പെടുകയും വേണം. അത്തരം ജാഗ്രതയോടെ രൂപപ്പെടുത്തപ്പെട്ടവയാണ് ഇവിടുത്തെ ഭൗതിക സാഹചര്യങ്ങൾ.

- **ചുറ്റുമതിൽ**

  ഉറപ്പുള്ള, പുതിയ ഗേറ്റോടുകൂടിയ ചുറ്റുമതിൽ ഉണ്ട്. ചിത്രങ്ങളും സന്ദേശങ്ങൾ കൊണ്ടും ചുറ്റുമതിൽ മെച്ചപ്പെടുത്തി പൊതുശ്രദ്ധയിലേയ്ക്കെത്തിക്കാൻ ശ്രമിക്കുന്നു.

- **ഓഫീസ്**

  സജ്ജമായത്, കമനീയം

- **ക്ലാസ് മുറികൾ**

  നിറങ്ങളാൽ, ചിത്രങ്ങളാൽ ആകർഷവും ഉള്ളടക്കമുള്ളതുമായ ഒൻപത് ക്ലാസ് മുറികൾ ടൈൽ പാകിയത്/ ഫാൻ/ ലൈറ്റ് സൗകര്യമുള്ളത്/ മികച്ച കുട്ടി പ്രസിദ്ധീകരണങ്ങളുള്ള വായന മൂലയോടുകൂടിയത്/പഠന/അനുബന്ധ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാൻ സൗകര്യമുള്ളത്.

- **ഫർണ്ണിച്ചർ**

  കേടുപാടുകൾ കൃത്യസമയത്ത് പരിഹരിച്ച് സജ്ജമാക്കിയത്.

- **കുടിവെള്ളം**

  കൃത്യമായ ഇടവേളകളിൽ ശുദ്ധീകരിച്ചുപയോഗിക്കുന്ന കിണർ വാട്ടർ അതോറിറ്റി വക പൈപ്പ് കണക്ഷൻ മുപ്പതിലേറെ പൈപ്പ് കണക്ഷനുകൾ വാട്ടർ പ്യൂരിഫൈയർ.

- **ടോയ്‌ലറ്റ്**

  ആൺ/പെൺ വേർതിരിവുകളുടെ 15 ടോയ്‌ലറ്റുകൾ ടൈൽ പാകി വെടിപ്പാക്കിയത് മികച്ച ആരോഗ്യ ശീലങ്ങൾ ഉറപ്പാക്കിയത്.

- **ലൈബ്രറി**

  മികച്ച പുസ്തകങ്ങളോടു കൂടിയത് (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) കമനീയമായ പ്രത്യേക മുറി ഫർണ്ണിച്ചറുകൾ കുട്ടികളുടെ വായനക്കുറിപ്പുകൾ സൂക്ഷിക്കാൻ പ്രത്യേക ഇടം മലയാള ഭാഷയുടെ വിവധ വളർച്ചാ ഘട്ടങ്ങളെ സൂചിപ്പിക്കുന്ന ചിത്രങ്ങളും കുറിപ്പുകളും വരകളും കൊണ്ട് ആകർഷകവും വിജ്ഞാന പ്രദമാക്കാനുള്ള തീരുമാനമുണ്ട്. അതിന് ആവശ്യമായ വിവരങ്ങൾ സ്വരൂപിക്കുന്നു. അടുത്ത ഇരുപത് ദിവസങ്ങൾക്ക് അകം യാഥാർത്ഥ്യമാകും.

- **ലാബ്**

  ശാസ്ത്ര/സാമൂഹ്യ ശാസ്ത്ര/ ഗണിത ശാസ്ത്ര/ ഭാഷാ ലാബുകൾ സജ്ജം

- **കളിസ്ഥലം**

  ബാറ്റ്മിന്റൺ, വോളിബോൾ, കബഡി, ഓട്ടം, ചാട്ടം, ഷോട്ട്പുട്ട് തുടങ്ങിയ ഇനങ്ങൾ പരിശീലിപ്പിക്കാൻ ഉതകുന്നത.് കൃത്യമായി പരിശീലനം നടക്കുന്നു.

- **പാചകപ്പുര**

  ഗ്യാസ് കണക്ഷനോടുകൂടിയത് ആരോഗ്യശീലങ്ങൾ പാലിക്കുന്നത്.

- **കൃഷി സ്ഥലം**

  മാവേലിക്കര ഉപജില്ലയിലെ മാതൃകാ കൃഷിത്തോട്ടം വിവിധ പച്ചക്കറി ഇനങ്ങൾ വിള വെടുക്കുന്നു. മാവേലിക്കര കൃഷി ഭവന്റെയും മാതൃഭൂമി സീഡിന്റെയും സഹകരണത്തോടെ പ്രവർത്തിക്കുന്നു.

- **പൂന്തോട്ടം**

  പാരമ്പര്യ പുഷ്പങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പൂന്തോട്ടം കുട്ടികൾ മാതൃകാപരമായി പരിപാലിക്കുന്നു.

- **ജൈവവൈവിധ്യ ഉദ്യാനം**

  ശലഭങ്ങളുടെ/തുമ്പികളെ/വണ്ടുകളെ സ്കൂളിന്റെ ഭാഗമായി നിർത്തുന്ന മനോഹരമായ ഉദ്യാനം.

- **നക്ഷത്ര വനം**

  മാതൃഭൂമി, വൈദ്യരത്നം, നക്ഷത്രവനം പദ്ധതി ഉപഭോക്താവ് നക്ഷത്ര വൃക്ഷങ്ങൾ വളരുന്നു.

- **തണൽ മരങ്ങൾ**

  തലമുറകൾക്ക് തണൽ നൽകിയ മരങ്ങൾ ഉയർത്തികെട്ടി കമനീയമാക്കിയ തറ സ്കൂൾ മുറ്റത്തെ കമനീയമാക്കുന്നതിനാൽ പ്രധാന പങ്കു വഹിക്കുന്നു.

മേഖല (1)

**സമൂഹ പങ്കാളിത്ത വർഷം - വിദ്യാലയാസൂത്രണ വർഷം**

വിദ്യാലയ വികസനത്തിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ എസ്. എസ്. ജി. എസ്, എം. സി, പൂർവ്വ വിദ്യാർത്ഥി സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. മികച്ച പിൻതുണ ലഭിച്ചുകൊണ്ടിരിക്കുന്നു.

മേഖല 1 കൊണ്ടാ അടിസ്ഥാനപരമായി വിദ്യാലയം പ്രാദേശിക സംസ്കാരിക നിലയമാണ്. അതായത് പ്രദേശത്തിന്റെ സാംസ്കാരിക കൊടുക്കൽ - വാങ്ങലുകളുടെ ഇടം. അത്തരത്തിൽ പ്രാദേശികമായ എല്ലാ സാദ്ധ്യതകളെയും ഫലപ്രദമായി ഉപയോഗിക്കാൻ വിദ്യാലയ നേതൃത്വത്തിന് കഴിയണം. വിവിധ സന്നദ്ധ/കലാ-കായിക/ചാരിറ്റബിൾ/സ്മാരക സംഘടനകൾ പ്രാദേശികമായി പ്രവർത്തിക്കുന്നു. വിദ്യാലയവുമായി അവർക്ക് ഇണക്കമുണ്ടാക്കിയെടുക്കണം. വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തണം. അവരുടെ പങ്കാളിത്തത്തിന് ആദരവ് നൽകണം. കൂടുതൽ കാലത്തേക്ക് സ്കൂളിന് മുതൽക്കൂട്ടാകുന്ന നിർമ്മിതികൾ/സംഭാവനകൾ നേടിയെടുക്കാനാകണം.

ക്ലാസ്സ് പി.റ്റി.എ മാസത്തിലൊരിക്കൽ നിർബന്ധമായും ചേരണം. കുട്ടികളുടെ കഴിവുകൾ, നേട്ടങ്ങൾ, ക്ലാസ് വിശേഷങ്ങൾ, ഉൽപന്നങ്ങളുടെ പ്രദർശനം എന്നിവയിലൂടെ രക്ഷകർത്താക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും ക്ലാസ് പി.റ്റി.എയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമാക്കാനും സാധിക്കും. സ്കൂളിന്റെ പുരോഗതിയിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കും.

മേഖല (2)

**കുട്ടികളുടെ സജീവ പങ്കാളിത്തവും നേതൃത്വ ശേഷിയും.**

കുട്ടികളുടെ നേതൃത്വശേഷി, കലാവാസന, പ്രവൃത്തിവൈദഗ്ധ്യം, കായികശേഷി എന്നിങ്ങനെ നാനാ മേഖലകൾ പരിപോഷിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. മോർണിംഗ് അസംബ്ലി ഒരു ചടങ്ങ് എന്ന നിലയിൽ ചുരുക്കപ്പെടരുത്. നിശ്ചിത സമയം കൊണ്ട് ഭാവനാപരമായി ചിട്ടപ്പെടുത്തപ്പെട്ട മോർണിംഗ് അസംബ്ലിക്ക് വലിയതോതിൽ കുട്ടിയെ സ്വാധീനിക്കാൻ കഴിയുമെന്ന് അനുഭവങ്ങൾ പറയുന്നു. അർത്ഥവത്തായ ഒരു വിദ്യാലയത്തിലേക്കുള്ള ചൂണ്ടുപലകയാണ് മോർണിംഗ് അസംബ്ലി. വിശേഷ ദിവസങ്ങളിൽ അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് അസംബ്ലി സംഘടിപ്പിച്ചിരിക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ്/ഹിന്ദി അസംബ്ലി നടന്നുവരുന്നു. പത്ര ക്വിസ് പതിവു പരിപാടിയാണ്. അപ്പപ്പോൾ ഉപഹാരങ്ങൾ നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. രക്ഷകർത്താക്കളുടെ സാന്നിദ്ധ്യത്തെ പ്രോത്സാഹിപ്പിച്ചുവരുന്നു.

കോർണർ പി.റ്റി.എ പ്രസ്ക്തമായും ഗംഭീരമായും സംഘടിപ്പിക്കുന്നു. ഒരു ടേമിൽ ഒരു കോർണർ പി.റ്റി.എ എന്ന നിലയിൽ പൊതുശ്രദ്ധ ആകർഷിക്കുമാറ് ബഹുജന പങ്കാളിത്തത്തോടെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. വിദ്യാലയ പരിധിയിലെ മറ്റുമാദ്ധ്യമങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ സ്കൂളിലേക്ക് ആകർഷിക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളുടെ മേന്മ യഥാർത്ഥത്തിൽ

ബോദ്ധ്യപ്പെടുത്തേണ്ടത് അൺ-എയിഡഡ് പൊള്ളത്തരത്തിൽ പരിലസിക്കുന്ന മാതാപിതാക്കളെയാണ്. പൊതു പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികളിലൂടെ അതിന് സാധിക്കണം.

**ഉച്ചഭക്ഷണം.**

പൊതു വിദ്യാലയങ്ങളുടെ മുഖ്യ ആകർഷണങ്ങളിൽ ഒന്നാണ് ഉച്ചഭക്ഷണം. സാമൂഹിക ഉത്തരവാദിത്തത്തിന്റെയും സമഭാവനയുടെയും നല്ല ഉദാഹരണം. അത് മികച്ച രീതിയിൽ കുഞ്ഞുങ്ങളുടെ രുചിയറിഞ്ഞ് നൽകാൻ സാധിക്കുന്നു. കൃത്യമായ മെനു തയ്യാറാക്കിയിരിക്കുന്നു. ഉച്ചഭക്ഷണ കമ്മറ്റിയിലെ അംഗങ്ങൾ മേൽനോട്ടം വഹിക്കുന്നു. സ്ക്കൂൾ പച്ചക്കറിത്തോട്ടത്തിലെ വിഭവങ്ങൾ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. പാൽ, മുട്ട, പഴം, പായസം എന്നിവ കൃത്യമായ ഇടവേളകളിൽ നൽകുന്നു. ഉച്ചഭക്ഷണം ആനന്ദകരമായ അനുഭവമാണ്. 150 പേർക്ക് ഇരിക്കാവുന്ന ഭക്ഷണശാല ഭാവി പരിപാടിയാണ്. പ്രസ്തുത ആവശ്യം പല ഏജൻസികളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പിൻതുണ**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കളുടെ കൂട്ടായ്മ സംഘടിപ്പിച്ചിരിക്കുന്നു. രക്ഷകർത്താക്കൾ സ്ക്കൂൾ ഇടപെടൽ സംബന്ധിച്ച് ബോധവാൻമാരാണ്. ഓരോ കുട്ടിയേയും സംബന്ധിക്കുന്ന വിലയിരുത്തൽ ക്ലാസ് ടീച്ചേഴ്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. ടീച്ചിംഗ് മാന്വലിൽ അനുകൂല പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുകയും പൊതുശ്രദ്ധയിലെത്തിക്കുകയും ചെയ്യുന്നു. മോർണിംഗ് അസംബ്ലിയിൽ അവർക്ക് അവസരങ്ങൾ നൽകുന്നു. സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നു. നിരാശ വെടിഞ്ഞ് മുഖ്യധാരയിൽ ഇത്തരം കുഞ്ഞുങ്ങൾക്കും രക്ഷകർത്താക്കൾക്കും ഇടമുണ്ടാക്കുക എന്നതാണ് ലക്ഷ്യം.

സ്ക്കൂൾ സാഹിത്യ പ്രതിഭയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാഹിത്യ സമാജം രൂപികരിച്ചിരിക്കുന്നു. സമാജത്തിലെ അംഗങ്ങൾക്ക് സ്വന്തം സൃഷ്ടികൾ അവതരിപ്പിച്ച് പങ്കുവെയ്ക്കാനുള്ള അവസരം. സാഹിത്യരംഗത്തെ പുത്തൻ വിശേഷങ്ങളും വാർത്തകളും ഇവിടെ ക്രോഡീകരിക്കുന്നു. ഇതരഭാഷാ സാഹിത്യം ചർച്ച ചെയ്യപ്പെടുന്നു. സാഹിത്യ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പ്രാദേശിക വ്യക്തിത്വങ്ങളെ സമാജത്തിലെ ക്ഷണിതാക്കൾ എന്ന നിലയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നു.

**അക്കാദമിക പ്രവർത്തനങ്ങൾ**

**ഭാഷ**

ഭാഷ സഹജമാണ്. ദിശ നൽകലാണ് അദ്ധ്യാപനത്തിന്റെ ദൗത്യം. ഉച്ചാരണ വൈകല്യങ്ങളില്ലാതെ പറയപ്പെടുന്നതും അക്ഷര/പ്രയോഗ സംബന്ധിയായ വൈകല്യങ്ങളില്ലാതെ എഴുതപ്പെടുന്നതുമായ ഭാഷ യാഥാർത്ഥ്യമാകണം. പറഞ്ഞും എഴുതിയും അനുഭവിച്ചു തന്നെ നേടിയെടുക്കേണ്ടതായ ഈ ശേഷിക്ക് സ്ക്കൂൾ പ്രതിജ്ഞാബദ്ധമാണ്. ഭാഷാ വൈകല്യങ്ങളോടെ ഒരു കുട്ടി പോലും സ്കൂൾ വിട്ടുപോകാൻ പാടില്ല. SRG ഇക്കാര്യം സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും ഇടപെടുകയും ചെയ്യുന്നു.

**ഹെഡ്മിസ്ട്രസ്സിന്റെ മോനിട്ടറിംഗ്**

- രണ്ടാഴ്ചയിലൊരിക്കൽ/ ക്ലാസ് തലം
- പരിചിത/അപരിചിത വാക്കുകൾ (ആകർഷകമായി എഴുതി തയ്യാറാക്കിയത്) വായിപ്പിക്കൽ
- പരിചിത/അപരിചിത വാക്കുകൾ എഴുതിക്കൽ
- പിൻതുണ
- സ്കോർ രേഖപ്പെടുത്തൽ
- ഉപഹാരം നൽകൽ
- അനുഭവങ്ങൾ SRG യിൽ പങ്കുവെയ്ക്കൽ
- രക്ഷാകർത്താക്കളുടെ സാന്നിദ്ധ്യം

**സാമൂഹ്യശാസ്ത്രം**

പാഠാനുഭവങ്ങളെ പ്രാദേശിക സാമൂഹിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കൽ.
പ്രാദേശിക ചരിത്രവും ഭൂമി ശാസ്ത്രവും - മാവേലിക്കര ചരിത്ര പ്രാധാന്യമുള്ള ഇടമാണ്. കൊട്ടാരങ്ങൾ, എ.ആർ സ്മാരകം, രാജാരവിവർമ്മ കോളേജ്, പൗരാണിക ആരാധനാലയങ്ങൾ, പഴമയുടെ ആഴം സൂക്ഷിക്കുന്ന തെരുവുകൾ എന്നിങ്ങനെ ചരിത്രം പുനർവായിക്കപ്പെടേണ്ട സാഹചര്യം പ്രാദേശികമായുണ്ട്.

അച്ചൻകോവിലാറിന്റെ തീരത്തു നിന്നു വരുന്ന നിരവധി വിദ്യാർത്ഥികൾ സ്കൂളിലുണ്ട്. ആറിനോട് ചേർന്നു കിടക്കുന്ന പാടങ്ങൾ തരിശാണ്. 7-ാം ക്ലാസ്സുവരെയുള്ള പാഠഭാഗങ്ങൾ ഗൗരവമായി ചർച്ചചെയ്യുന്ന പ്രശ്നങ്ങളുടെ നേർ സാക്ഷ്യങ്ങളാണ് ഈ കാഴ്ചകൾ.

- പാഠാനുബന്ധ കുറിപ്പുകൾ
- മുതിർന്ന പൗരൻമാരുമായി അനുഭവം പങ്കിടൽ/രേഖപ്പെടുത്തൽ
- മികച്ച ചരിത്രകാരൻ/ചരിത്രകാരി
- മികച്ച ഭൗമവ്യക്തിത്വം
- പതിപ്പ്
- പുരസ്കാരം
- രക്ഷകർത്താക്കളുടെ/ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക സാമൂഹ്യശാസ്ത്രം ചർച്ച

**ശാസ്ത്രം**

- സ്കൂൾ ശാസ്ത്ര സംഘം
- ശാസ്ത്ര രംഗത്തെ ദൈനംദിന വിശേഷങ്ങൾ പത്രങ്ങളുടെ സഹായത്തോടെ രേഖപ്പെടുത്തൽ
- പാഠാനുബന്ധ സാദ്ധ്യതകൾ തേടൽ/പങ്കുവെയ്ക്കൽ
- ശാസ്ത്രപ്പുര
- ദൈനംദിന ശാസ്ത്ര നിർമ്മിതികൾ
- സ്കൂൾ വളപ്പിലെ ചെടികൾക്കും വൃക്ഷങ്ങൾക്കുമായുള്ള ശാസ്ത്ര നിഘണ്ടു
- വിവിധ കാലാവസ്ഥകൾ ചെടികൾക്കും മരങ്ങൾക്കുണ്ടാക്കുന്ന മാറ്റങ്ങൾ രേഖപ്പെടുത്തൽ

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നതിനായി ഒരു ഗണിത ശിൽപശാല സംഘടിപ്പിക്കുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, കാർഡ് തുടങ്ങിയവ ഉപയോഗിച്ച് കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ക്ലാസ്മുറികളിൽ ഗണിത മൂലയും, വിദ്യാലയത്തിന് പൊതുവായി ഒരു ഗണിത ലാബും സജ്ജമാക്കൽ.
- വിവിധ ക്ലാസുകളിലെ പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി പഠനോപകരണങ്ങൾ നിർമ്മിച്ച് മാത്ത്സ് ഫെസ്റ്റ് സംഘടിപ്പിക്കൽ.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാദ്ധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തന്നതിനായി, ജിയോജിബ്ര പോലെയുള്ള ഐ. റ്റി. സാദ്ധ്യതകൾ ഉപയോഗിക്കുന്നതുവഴി പഠന നേട്ടങ്ങൾ എളുപ്പത്തിൽ കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നതിനായി വിവിധ അദ്ധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.
- വിവിധ ശേഷികളുടെ വികസനവുമായി ബന്ധപ്പെട്ട് ജൂൺ മുതൽ മാർച്ച് വരെ പഠന ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ യിൽ രൂപപ്പെടുത്തി, നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

## മലയാളം

- ഭാഷാ വികസനവുമായി ബന്ധപ്പെട്ട് ലക്ഷ്യമിടുന്ന വിവിധ പദ്ധതികൾ
- ഭാഷയ്ക്കൊരു കൈത്താങ്ങ്
- ലൈബ്രറി വികസനം
- മാഗസിൻ/പതിപ്പ് നിർമ്മാണം
- കൊളാഷ് നിർമ്മാണം
- സ്ക്കൂൾ പത്രം
- സംയുക്ത ഡയറി
- വിദ്യാരംഗം കലാസാഹിത്യവേദിയുമായി ബന്ധപ്പെട്ട നിരവധി പരിപാടികൾ

* മിനി ക്ലിനിക് (First Aid)
* ശാസ്ത്ര ക്ലബ്ബ്/പരിസ്ഥിതി/ഊർജ്ജ സംരക്ഷണ ക്ലബ്ബ്
* ശുചിത്വ ആരോഗ്യ ക്ലബ്ബ്
* ദിനാചരണങ്ങൾ
* ശാസ്ത്രരംഗത്തെ ദൈനംദിന വിശേഷങ്ങൾ പത്രങ്ങളുടെ സഹായത്തോടെ രേഖപ്പെടുത്തൽ/പഠനാനുബന്ധ സാദ്ധ്യതകൾ തേടൽ/പങ്കുവെയ്ക്കൽ
* ശാസ്ത്ര സാഹിത്യം
* ശാസ്ത്ര ലൈബ്രറി
* വിസ്മയച്ചുവർ (ക്ലാസ്സുകൾ തോറും)
* സയൻസ് കിറ്റ്
* ശാസ്ത്ര ലാബ് - കാര്യക്ഷമമാക്കൽ
* സ്ക്കൂളിലും വീട്ടുവളപ്പിലും ഉള്ള സസ്യങ്ങൾ നിരീക്ഷിച്ച് പേര് - ശാസ്ത്രനാമം രേഖപ്പെടുത്തൽ (നാട്ടുപച്ച)
* ജൈവവൈവിധ്യ ഉദ്യാനം/ശലഭ പാർക്ക് വിപുലീകരിക്കൽ
* ഔഷധ സസ്യതോട്ടം/പൂന്തോട്ടം - വിപുലപ്പെടുത്തൽ/ ഔഷധ സസ്യങ്ങൾ - ശേഖരണം
* ഡ്രൈ - ഡേ - ആചരണം (വെള്ളിയാഴ്ച തോറും)/കിണർവെള്ള ശുദ്ധീകരണം
* പച്ചക്കറിതോട്ടം
* ബോധവൽക്കരണ ക്ലാസ്സുകൾ - ഊർജ്ജ സംരക്ഷണം/കൗമാരആരോഗ്യവൽക്കരണം/ലഹരിവിരുദ്ധം/പരിസ്ഥിതി സംരക്ഷണം
* അഭിമുഖം - കർഷകർ/ആരോഗ്യ വിദഗ്ദ്ധർ/ശാസ്ത്രജ്ഞർ
* ഫീൽഡ് ട്രിപ്പ് - ആവാസ വ്യവസ്ഥകൾ/ശാസ്ത്ര മ്യൂസിയങ്ങൾ/കാർഷിക ഗവേഷണ സ്ഥാപനങ്ങൾ/നഴ്സറി ശാസ്ത്ര നിർമ്മിതികൾ
* ശിൽപ്പശാല/ക്യാമ്പ്/വാനനീരീക്ഷണം/കൃഷി-കാർഷികരംഗത്തെ നൂതന മാർഗ്ഗങ്ങൾ (ശാസ്ത്രീയ കൃഷി രീതികൾ)
* ശാസ്ത്രോൽസവം (Experiment/Exhibition)
* നാടൻ വിഭവമേള
* പിറന്നാൾമരം
* കാരുണ്യ പ്രവർത്തനം
* Season watch

നാട്ടുവൈദ്യം - നാടൻ ഔഷധ സസ്യങ്ങൾ - ഉപയോഗങ്ങൾ - അഭിമുഖം

സെമിനാറുകൾ (പഠനാനുബന്ധം)

പ്രതിമാസ ശാസ്ത്രപ്രതിഭയെ ആദരിക്കൽ

പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണ പ്രവർത്തനം (ശാസ്ത്ര വെളിച്ചം)

# ENGLISH


1. English club
2. English assembly
3. English Day
4. English fest
5. Reader of the month (Best English news reader)
6. Class magazines/Mini dictionary
7. English fun time
8. Quiz competition
9. Day celebrations in English
10. Spoken English classes
11. Watching English movies
12. Conducting debates
13. English library
14. Making posters, Sign boards
15. Wall magazines
16. Hand writing competition
17. Designing invitation cards.

- ✓ പ്രതിമാസ സ്കൂൾ ശാസ്ത്ര പ്രതിഭയെ ആദരിക്കൽ
- ✓ രക്ഷകർത്താക്കളുടെ സാന്നിദ്ധ്യം.

**ഗണിതം**

- ✓ ഹെഡ്മിസ്ട്രസ്സിന്റെ മോണിറ്ററിംഗ്
- ✓ മനക്കണക്ക്
- ✓ മുതിർന്ന വിദ്യാർത്ഥികൾ കൊച്ചു കൂട്ടുകാർക്ക് പങ്കുവെക്കുന്ന കണക്കറിവ്
- ✓ സ്കൂൾ മുറ്റത്തെ ആഴ്ചക്കട

മാതൃക (1)




മാതൃക (2)



അദ്ധ്യായം - 5

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

അക്കാദമികം

1. ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.

2. ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തര വിലയിരുത്തലിനും പരിഹരിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുന്നില്ല.

3. ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.

4. 1 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.

5. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

6. പഠനപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും നൂതന പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായകമായി ഗവേഷണാത്മകമായ രീതികൾ (ട്രൈ ഔട്ട്, ക്രിയാഗവേഷണം) പ്രയോജനപ്പെടുത്തുന്നില്ല.

7. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല.

8. എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ) നിർദ്ദേശിപ്പിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല.

9. എല്ലാ വിഷയത്തിലും 25% കുട്ടികൾ അടിസ്ഥാനശേഷി നേടാതെയാണ് 7-ാം ക്ലാസിലെത്തുന്നത്.

10. ഐ. സി. ടി. അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയും വിധം അധ്യാപകർ ശാക്തീകരിക്കപ്പെട്ടിട്ടില്ല

11. മികവു പുലർത്തുന്ന കുട്ടികൾക്ക് ഒരു വിഷയത്തിലും മികച്ച പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

12. വൈവിധ്യമാർന്ന പഠനതന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം പേർക്കും കഴിഞ്ഞിട്ടില്ല.

13. പഠന പ്രക്രിയ വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്നില്ല.

14. ക്ലാസ് ലൈബ്രറികളില്ല.

15. 7 വരെ ക്ലാസിലെ കുട്ടികൾ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക സമ്മർദ്ദങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വൈകാരിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ കഴിയുന്നില്ല.

16. ഉപരിപഠന സാധ്യതകൾ, തൊഴിൽ അവസരങ്ങൾ, നൈപുണി ശേഷി വികാസം എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ ധാരണകുറവാണ്.

17. ക്ലബ് പ്രവർത്തനങ്ങൾ പഠന പ്രവർത്തനത്തിന്റെ ഭാഗമാകുന്നില്ല.

18.പരിസരം ഒരു പാഠപുസ്തകമാണെന്ന് തിരിച്ചറിയുന്നില്ല.

19. എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാകുന്നില്ല.

20. പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാപകർ ഇല്ല.

21. കേരളത്തിന്റെയും ഭാരതത്തിന്റെയും സാംസ്കാരിക കലാപാരമ്പര്യവും പ്രൗഢിയും തിരിച്ചറിയാനുള്ള അവസരമില്ല.

22. പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടേയും ഭാഗമായി സാംസ്കാരിക പരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.

23. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

24. അധ്യാപകർക്കും കുട്ടികൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരമില്ല.

25. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കുന്നതിനുള്ള അവസരമില്ല.

## ഭൗതികം

1. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് വിദ്യാലയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഭിന്ന നിലവാര സൗഹൃദപരമാക്കണം.

2. പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥല സൗകര്യം അനുയോജ്യമായ ഇരിപ്പിട സൗകര്യം, ഐ. സി. ടി. സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.

3. ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ലാബോറട്ടറി, ഐ.ടി. ലാബ്, ലാംഗേജ് ലാബ് എന്നിവയുടെ അഭാവം.

4. എല്ലാ ക്ലാസ് മുറികളും ഐ.സി.ടി അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

5. ക്ലാസ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യമില്ല.

6. ടോയ്ലറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.

7. ക്ലാസ് മുറി വിദ്യാലയ പരിസരം വൃത്തിഹീനമായികിടക്കുന്നത് വിദ്യാലയാന്തരീക്ഷത്തെ ദോഷകരമായി ബാധിക്കുന്നു.

8. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.

9. പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മാകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെക്കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്. എം. സി, പി.ടി.എ. എന്നീ സാധ്യതകൾ വേണ്ട വിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. സഹജീവികളോട് സ്നേഹം, കരുണ, അനുതാപം എന്നിവ വികസിക്കുന്നില്ല.
7. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
8. കലാ-കായിക പ്രവൃത്തിപരിചയ സാംസ്കാരിക പരിപാടികൾ ഏകോപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.

## അദ്ധ്യായം - 6 പദ്ധതി രൂപീകരണ പ്രക്രിയ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യലയത്തിൽ വികസന കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്ര വികസന രേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചനാ യോഗം ന് പി.റ്റി.എ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ടു വേണം വികസന കാഴ്ചപ്പാട് രൂപികരിക്കേണ്ടത് എന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഏകോപിപ്പിക്കുന്നതിനായി അദ്ധ്യാപകർ ഉൾപ്പെടുന്ന ഒരു 9 അംഗ കമ്മറ്റി രൂപീകരിച്ചു. ആ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് വിദ്യാലയ വികസന രേഖ രൂപപ്പെടുത്തിയത്.

| | തീയതി | യോഗങ്ങൾ |
|---|---|---|
| 1. | | സംഘാടക സമിതി രൂപീകരണം |
| 2. | | ക്ലാസ്സ് സമിതി |
| 3. | | പൂർവ്വ പി.ടി.എ യോഗം |
| 4. | | പൂർവ്വ അദ്ധ്യാപക യോഗം |
| 5. | | പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |
| 6. | | കലാകായിക സാംസ്കാരിക കൂട്ടായ്മ |
| 7. | | സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന ശില്പശാല<br>വിദ്യാലയ വികസന രേഖയുടെ കരടു രൂപീകരണം |
| 8. | | വിദ്യാലയ വികസന സമിതിയുടെ രൂപീകരണം |
| 9. | | വികസന രേഖ |

അദ്ധ്യായം-7

## അക്കാദമിക മാസ്റ്റർ പ്ലാൻ (രൂപരേഖ)

### പദ്ധതിയുടെ പേര് -

പ്രൈമറി ക്ലാസ് മുറികൾ അഥവാ ശബ്ദനിലയങ്ങൾ

### പദ്ധതിയുടെ ഉദ്ദേശം-

പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വൈകല്യരഹിതമായി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടുക. വിദ്യാർത്ഥികൾ ഭാഷ വിനിമയം ചെയ്യുന്നതിന്റെ വിവിധ ഘട്ടങ്ങൾ. നവീന സംവിധാനം വഴി പകർത്തി സൂക്ഷിക്കുകയും പല തലങ്ങളിലുള്ള വിലയിരുത്തലുകൾ സാദ്ധ്യമാക്കുകയും ചെയ്യുക. പ്രകൃതിയിലെ വിവിധങ്ങളായ ശബ്ദങ്ങളെ അക്ഷരങ്ങളും ഭാഷയുമായി ബന്ധിപ്പിക്കുകയും പ്രകൃതിഭാഷയിലേക്ക് കുട്ടിയെ ആകർഷിക്കുകയും ചെയ്യുക. ഭാഷാ പ്രയോഗത്തിന്റെ ഏറ്റവും നൂതനമായ മാർഗ്ഗം സ്വീകരിക്കുക വഴി ഏറ്റവും മുന്നേ സഞ്ചരിക്കുന്ന സ്ക്കൂൾ എന്ന മതിപ്പ് പൊതുസമൂഹത്തിൽ സൃഷ്ടിച്ചെടുക്കുക.

### കുറിപ്പ് -

പഠിതാവിന്റെയും, അദ്ധ്യാപികയുടെയും ചലനങ്ങൾ ക്ലോസ്ഡ് സർക്യൂട്ട് സ്ക്രീനിൽ കണ്ട് സ്കോറും ഗ്രേഡും നിശ്ചയിക്കലല്ല, മറിച്ച് അവർക്കിടയിലെ ഭാഷാ വ്യവഹാര രീതികൾ പകർത്തി വിലയിരുത്തുന്നതും മെച്ചപ്പെടുത്തുന്നതുമാണ് സദുദ്ദേശപരമായ വിദ്യാലയ ധർമ്മം. പഠിതാവിന്റെ കൗതുക മനസ്സിലേക്ക് അക്ഷരങ്ങളും പദങ്ങളും ചെയ്തു നിറയുന്ന വിസ്മയകരമായ അനുഭവം പകർത്തപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമാണ്, വിസ്മൃതമാകേണ്ടതല്ല.

### ആമുഖം

യഥാസ്ഥിതിക ചിട്ടവട്ടങ്ങളുള്ള ക്ലാസ്സ്മുറികൾ മികച്ച ഭാഷാനുഭവങ്ങൾ തരുന്നില്ല. കടലാസറിവുകൾ എന്ന അച്ചടിക്കൂട്ടിനുള്ളിൽ ഭാഷ വളരാതെ നിൽക്കുന്നതിന്റെ നിരവധി അനുഭവങ്ങൾ നമുക്കുണ്ട്. പ്രൈമറി ക്ലാസ്സ് മുറികളിൽ പ്രത്യേകിച്ചും കൂടുതൽ ഭാവനാപൂർണ്ണമായ ഭാഷാനുഭവങ്ങൾ ഒരുക്കുന്നതിലൂടെ മാത്രമേ ഇതിന് പരിഹാരമുണ്ടാകുകയുള്ളു. ഇവിടെയാണ് ശബ്ദനിലയം പ്രസക്തമാകുന്നത്.

### ശബ്ദനിലയം എന്ത്?

ശബ്ദം മനുഷ്യലോകത്തിന്റേതു മാത്രമല്ല. അത് ജീവലോകത്തിനാകെയുള്ളതാണ്. മനുഷ്യന്റെ ശബ്ദനിർമ്മിതിയാണ് അവന്റെ ഭാഷ. അങ്ങനെയെങ്കിൽ പക്ഷികൾക്കും മൃഗങ്ങൾക്കും മരങ്ങൾക്കുമെല്ലാം തങ്ങളുടേതായ ഭാഷയുണ്ട്. അവരുടെ ഭാഷയ്ക്ക് മനുഷ്യഭാഷയോട് സാമ്യ-വ്യത്യാസങ്ങളുണ്ട്. ഇത്തരം സാമ്യ-വ്യത്യാസങ്ങൾ കൗതുകകരമാണ്. ക്ലാസ്സ് മുറി ശബ്ദനിലയമാകുന്നതിലൂടെ പ്രൈമറി ക്ലാസ്സിലെ കുട്ടികൾ

ഭാഷയെ കൂടുതൽ ഇണക്കത്തോടെ സമീപിക്കും. ജീവലോകത്തിന്റെ ഭാഷ അവനിൽ അനന്തമായ ഭാഷാ നൈപുണികൾ വളർത്തും.

ക്ലാസ്സ് മുറിയിലെ ഭാഷാവ്യവഹാരവുമായി ബന്ധപ്പെട്ട ശബ്ദാനുഭവങ്ങളെ റിക്കാർഡ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതിയാണിത്. ലക്ഷ്യ ഭാഷയിലെ വ്യത്യസ്തങ്ങളായ ഉച്ചാരണങ്ങൾ കേൾക്കാനുള്ള വിപുലമായ സാദ്ധ്യതയും ശബ്ദനിലയം യാഥാർത്ഥ്യമാക്കുന്നു.

## ലക്ഷ്യങ്ങൾ

- സഹജഭാഷയെ തിരിച്ചറിയാനും പ്രകടിപ്പിക്കാനും പഠിതാവിന് സുഗമവും ആകർഷകവുമായ അവസരം നൽകുന്നു.
- L (Listening) S(Speaking) R(Reading) W(Writing)
- കൂടുതൽ ശാസ്ത്രീയവും, ഭാവനാപരവുമായ ഇടപെടൽ സാദ്ധ്യമാകുന്നു.
- കേട്ടറിവനുള്ള അവസരം
- വ്യത്യസ്ത ഉച്ചാരണാനുഭവങ്ങളിലൂടെ കടന്നുപോകാനുള്ള അവസരം.
- വായനയും പറച്ചിലും റിക്കാർഡ് ചെയ്യപ്പെടുന്നതിലൂടെ വിലയിരുത്തലിനും മെച്ചപ്പെടുത്തലിനുമുള്ള അവസരം.
- രക്ഷകർത്താവിന് കേട്ട് വിലയിരുത്താനുള്ള അവസരം
- ശാസ്ത്രീയവും നവീനവുമായ ആശയമെന്ന നിലയിൽ പൊതുസമൂഹത്തിന്റെ മതിപ്പ്.
- അദ്ധ്യാപികയുടെയും പഠിതാവിന്റെയും ആത്മവിശ്വാസം വളർത്തുന്നു.
- ഭാഷാ പഠനത്തിൽ നവീന ആശയങ്ങൾ പരീക്ഷിക്കുന്ന സ്കൂൾ എന്ന പ്രശസ്തി.

## പ്രവർത്തന രീതി

മുൻകൂട്ടി തയ്യാറാക്കിയിരിക്കുന്ന ശബ്ദ സംവിധാനങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗപ്പെടുത്തുന്നതാണ് ഈ രീതി. പഠിതാവിന് കേൾക്കാനുള്ള അവസരം അദ്ധ്യാപികയിൽ നിന്നോ സഹപാഠികളിൽ നിന്നോ മാത്രം എന്ന സ്ഥിതി മാറുന്നു. ക്ലാസ്സ് റൂം ഭിത്തികൾ സ്പീക്കർ സജ്ജീകരണമുള്ളവയാകുന്നു. സ്ഥിരമായി ഘടിപ്പിച്ചുപയോഗിക്കുന്ന മൈക്രോഫോണുകൾ, അതുപോലെ റിക്കാർഡു ചെയ്യപ്പെടേണ്ടവ അപ്പപ്പോൾ റിക്കാർഡു ചെയ്ത് പോകുന്ന പ്രവർത്തന രീതി. അക്ഷരങ്ങളും വാക്കുകളും വ്യത്യസ്ത രീതികളിൽ കേൾക്കാനും അനുഭവിക്കാനും തന്റേതായ രീതിയിൽ ഉച്ചരിക്കാനും കുട്ടിക്ക് അവസരം ലഭിക്കുന്നു. ക്ലാസ്സ് /കോർണർ പോലെയുള്ള അവസരങ്ങളിൽ കുട്ടിയുടെ ഉച്ചാരണ/ വായനാനുഭവങ്ങൾ, രക്ഷിതാവിന്/പൊതു സമൂഹത്തിന് വേഗം ലഭ്യമാകുന്നു.

| പദ്ധതിയുടെ പേര് | പ്രവർത്തന രീതി | സമയം | ചുമതല | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| പ്രൈമറി ക്ലാസ് മുറികൾ<br>അഥവാ<br>ശബ്ദ നിലയങ്ങൾ | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് ദിശ നൽകുന്നു.<br>Listening<br>അനന്ത സാദ്ധ്യതകൾ<br>Speaking<br>റിക്കാർഡു ചെയ്യപ്പെടുന്നതിനാൽ വിലയിരുത്തലിനും മെച്ചപ്പെടുത്തലിനും കൂടുതൽ അവസരം.<br>Reading<br>റിക്കാർഡു ചെയ്യപ്പെടുന്നതിനാൽ വിലയിരുത്തലിനും മെച്ചപ്പെടുത്തലിനും കൂടുതൽ അവസരം | ക്ലാസ് റൂം പ്രവർത്തനങ്ങളുമായി | എസ് ആർ ജി | എസ്.എം.സി | ക്ലാസ്മുറി ഒന്നിന് 10,000/- പതിനായിരം രൂപ മുതൽ 25,000/- രൂപ വരെ |

## അദ്ധ്യായം-8

| ക്രമ നമ്പർ | ഇനം | തുക | ഏജൻസി |
|---|---|---|---|
| 1. | ക്ലാസ്സ് മുറി നവീകരണം ഓഫീസ് സമുച്ചയം ഹൈടെക് | 50 ലക്ഷം<br>50 ലക്ഷം | സർക്കാർ, എസ്.എസ്.എ<br>പൊതുസമൂഹം |
| 2. | സാംസ്കാരിക സമുച്ചയം | 25 ലക്ഷം | സർക്കാർ, മുനിസിപ്പാലിറ്റി<br>പൊതുസമൂഹം |
| 3. | സ്ക്കൂൾ ലൈബ്രറി | 10 ലക്ഷം | സർക്കാർ, മുനിസിപ്പാലിറ്റി<br>പൊതുസമൂഹം |
| 4. | ആധുനിക അടുക്കള | 20 ലക്ഷം | സർക്കാർ, എം.എൽ.എ |
| 5. | ഊണുമുറി | 15 ലക്ഷം | മുനിസിപ്പാലിറ്റി, എം.എൽ.എ |
| 6. | ലാബ് | 20 ലക്ഷം | എസ്.എസ്.എ, മുനിസിപ്പാലിറ്റി |
| 7. | നീന്തൽകുളം | 25 ലക്ഷം | സർക്കാർ, സ്പോർട്സ് കൗൺസിൽ, ഖേൽ ഇന്ത്യ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ |
| 8. | ശബ്ദനിലയം (ക്ലാസ്മുറി) | 15 ലക്ഷം | ടെലിഫോൺ അതോറിറ്റി<br>ഇന്റർനെറ്റ് |
| 9. | കാർഷികരംഗം | 10 ലക്ഷം | കൃഷിവകുപ്പ്, കേന്ദ്രകൃഷി മന്ത്രാലയം, പൊതുസമൂഹം |
| 10. | ചുറ്റുമതിൽ | 10 ലക്ഷം | മുനിസിപ്പാലിറ്റി, പൊതുസമൂഹം |
| 11. | ജൈവവൈവിദ്ധ്യപാർക്ക് | 10 ലക്ഷം | എസ്.എസ്.എ, ത്രിതല പഞ്ചായത്ത് എം.എൽ.എ |
| 12. | പൂന്തോട്ടം, ലാന്റ്സ്കേപ്പിംഗ് | 25 ലക്ഷം | ത്രിതലപഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, സഹകരസ്ഥാപനങ്ങൾ |
| | ആകെ | 285 ലക്ഷം | |

## അക്കാദമിക പ്രവർത്തനം - ബജറ്റ് നിർദ്ദേശം

വിദ്യാലയ വികസന പദ്ധതിയിൽ സുപ്രധാനമായ മേഖലയാണ് ഭൗതിക സാഹചര്യങ്ങളുടെ വികസനം. നാം ലക്ഷ്യം വെയ്ക്കുന്ന അക്കാദമിക മികവ് ഉറപ്പാക്കുന്നതിന് സഹായകരമായ ഭൗതിക സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റാണ് ചുവടെ ചേർക്കുന്നത്.

| ക്രമ നമ്പർ | പ്രവർത്തനം | തുക | ഏജൻസി |
|---|---|---|---|
| 1. | **1. സങ്കലിത വിദ്യാഭ്യാസം**<br>**റിസോഴ്സ് അദ്ധ്യാപക സേവനം** | | |
| 2. | അദ്ധ്യാപക പരിശീലനം (അനുരൂപീകരണം) | | |
| 3. | അനുരൂപീകരണ ശില്പശാല | | |
| 4. | മെഡിക്കൽ ക്യാമ്പ് | | |
| 5. | പഠനോപകരണ നിർമ്മാണ ശില്പശാല | | |
| 6. | രക്ഷകർതൃബോധവത്ക്കരണം | | |
| 7. | കെയ്സ് സ്റ്റഡി | | |
| 8. | ക്രിയാഗവേഷണം | | |
| 9. | കലാപരിപാടി | | |
| 10. | കായിക പരിപാടി | | |
| 11. | ഉല്ലാസയാത്ര | | |
| 12. | ദിനാചരണം | | |
| 13. | സ്നേഹസന്ദർശനം | | |
| 14. | ഡോക്യുമെന്റേഷൻ | | |
| | **2. മലയാളം** | | |
| 15 | പ്രീ-ടെസ്റ്റ് | | |
| 16. | മഴവില്ല് (അടിസ്ഥാനശേഷി വികസനം) | | |
| 17. | ഐ.സി.ടി. അധിഷ്ഠിത പഠനം | | |
| 18. | ക്ലാസ് പി.ടി.എ. (4 തവണ) | | |
| 19. | കഥ ശില്പശാല | | |
| 20. | കവിത ശില്പശാല | | |
| 21. | നാടക ശില്പശാല | | |
| 22. | പഠനോപകരണ നിർമ്മാണ ശില്പശാല | | |
| 23 | ഹൈടെക് ക്ലാസ്സുകൾ | | |
| 24 | ഐ.സി.ടി. പരിശീലനം | | |
| 25. | ക്ലാസ് ലൈബ്രറി, വായനമൂല | | |
| 26. | ക്രിയാഗവേഷണം | | |
| 27. | പഠനയാത്ര | | |
| 28. | അദ്ധ്യാപക കൂട്ടായ്മ (പഞ്ചായത്ത്തലം) | | |
| 29. | പാഠാസൂത്രണ ശില്പശാല | | |
| 30. | കുട്ടികളുടെ പ്രസിദ്ധീകരണം | | |
| 31. | കൈയെഴുത്തു മാഗസിൻ | | |
| 32. | ചുമർ മാഗസിൻ | | |
| 33. | എന്റെ മലയാളം ബ്ലോഗ് | | |
| 34. | സ്കൂൾ വെബ്സൈറ്റ് | | |
| 35. | ശബ്ദനിലയം | | |

| | | | |
|---|---|---|---|
| 36 | ക്ലാസ് അന്തരീക്ഷം | | |
| 37. | ഓഡിയോ വിഷ്വൽ ലാബ് | | |
| 38. | പോസ്റ്റ് ടെസ്റ്റ് | | |
| 39. | സ്കൂൾ ലൈബ്രറി | | |
| 40. | ഭാഷാ ലാബ് | | |
| | **3. ഹിന്ദി** | | |
| 41. | പ്രീ-ടെസ്റ്റ് | | |
| 42. | പരിഹാര ബോധനം | | |
| 43. | ഐ.സി.ടി. അധിഷ്ഠിത പാഠാസൂത്രണം | | |
| 44. | കവിതാ ശില്പശാല | | |
| 45. | സർഗ്ഗാത്മക ശില്പശാല | | |
| 46. | വായനാക്കാർഡ് നിർമ്മാണം | | |
| 47. | പോസ്റ്റ് ടെസ്റ്റ് | | |
| 48. | ഇൻലാന്റ് മാഗസിൻ | | |
| | **4. ഇംഗ്ലീഷ്** | | |
| 49. | പ്രീ-ടെസ്റ്റ് | | |
| 50. | പരിഹാരബോധനം | | |
| 51. | ഐ.സി.ടി. അധിഷ്ഠിത ആസൂത്രണം | | |
| 52. | പുസ്തക പ്രദർശനം | | |
| 53. | ഇംഗ്ലീഷ് ക്ലബ്ബ് | | |
| 54. | നാടക ക്യാബ് | | |
| 55. | വായനാകാർഡ് | | |
| 56. | പോസ്റ്റ് ടെസ്റ്റ് | | |
| | **5. ഗണിതം** | | |
| 57. | പ്രീ-ടെസ്റ്റ് | | |
| 58. | ഓണത്തിനൊപ്പം | | |
| 59. | പാഠാസൂത്രണം | | |
| 60. | ഗണിത ക്ലബ്ബ് | | |
| 61. | പഠനോപകരണ ശില്പശാല | | |
| 62. | ക്ലാസ് ലൈബ്രറി | | |
| 63. | വിദഗ്ധരുടെ ക്ലാസ്സുകൾ | | |
| 64. | ഐ.സി.ടി. പരിശീലനം | | |
| 65. | ക്ലാസ് പി.ടി.എ | | |
| 66. | മെട്രിക് മേള | | |
| 67. | വിജയോത്സവം | | |
| 68. | പോസ്റ്റ് ടെസ്റ്റ് | | |
| | **6. അടിസ്ഥാന ശാസ്ത്രം** | | |
| 69. | പ്രീ-ടെസ്റ്റ് | | |
| 70. | പ്രാദേശിക പാഠം | | |
| 71. | മുന്നൊരുക്കം | | |
| 72. | പാഠാസൂത്രണം | | |
| 73. | പരീക്ഷണ ശാല | | |
| 74. | കുട്ടിയെ അറിയാം | | |
| 75. | മികവ് പരിപാടി | | |
| 76. | പഠനയാത്രകൾ | | |

| | | | |
|---|---|---|---|
| 77. | പോസ്റ്റ് ടെസ്റ്റ് | | |
| | **7. മാനവിക വിഷയങ്ങൾ** | | |
| 78. | പ്രീ-ടെസ്റ്റ് | | |
| 79. | അടിത്തറ ഒരുക്കൽ | | |
| 80. | ക്ലബ്ബ് പ്രവർത്തനം | | |
| 81. | ശില്പശാല | | |
| 82. | വിദഗ്ധരുടെ ക്ലാസ്സുകൾ | | |
| 83. | പോസ്റ്റ് ടെക്സ്റ്റ് | | |
| 84. | പഠനയാത്രകൾ | | |
| | **8. കല-സംസ്കാരം** | | |
| 85. | പ്രദേശിക വിഭവപടം | | |
| 86. | ടാലന്റ് ലാബ് | | |
| 87. | സ്കൂൾ നാടകവേദി | | |
| 88. | കലാരൂപങ്ങളുടെ പ്രകടനം | | |
| 89. | കലാ സാംസ്കാരിക പ്രോജക്ട് | | |
| 90. | കഥ, കവിത, ക്യാമ്പുകൾ | | |
| 91. | പാവനാടകം | | |
| 92. | ഒറിഗാമി | | |
| 93. | സംഗീത ഉപകരണ പഠനം | | |
| 94. | ഫിലിം ക്ലബ്ബ് | | |
| 95. | ദിനാചരണങ്ങൾ | | |
| 96. | സ്കൂൾ വാർഷികം | | |
| 97. | പ്രാദേശിക ചിത്ര രചന | | |
| 98. | സ്കൂൾ സോവനീർ | | |
| 99. | പോസ്റ്റ് ടെസ്റ്റ് | | |
| 100. | ഡോക്യുമെന്റേഷൻ | | |
| 101. | സ്കൂൾ റേഡിയോ | | |
| 102. | സൗന്ദര്യവൽക്കരണം | | |
| 103. | രക്ഷാകർത്യ ബോധവൽക്കരണം | | |
| 104. | ആർട്ട് ഗാലറി | | |
| | **10. ഭക്ഷണം. ആരോഗ്യം, ശുചിത്വം** | | |
| 105. | പ്രഭാത ഭക്ഷണം | | |
| 106. | ബോധവൽക്കരണ പരിപാടി | | |
| 107. | ഉച്ചഭക്ഷണ പരിപാടി (അന്നപൂർണ്ണ) | | |
| 108. | തെളിനീർ കുടിവെള്ള പദ്ധതി | | |
| 109. | ശുചിത്വമുള്ള ടോയ്‌ലറ്റ് | | |
| 110. | പ്രാദേശിക ബോധവൽക്കരണ ക്ലാസ് | | |
| | **11. പ്രവർത്തി പരിചയ പഠനവും ക്ലബ്ബ് പ്രവർത്തനവും** | | |
| 111. | ജൈവ വൈവിധ്യ ഉദ്യാനം | | |
| 112. | പഠനയാത്രകൾ | | |
| 113. | ബോധവൽക്കരണ പരിപാടി | | |
| 114. | പാഠാസൂത്രണവും ക്ലബ്ബും | | |
| 115. | എന്റെ ക്ലബ്ബ് | | |
| 116. | സ്കോളർഷിപ്പ് പരീക്ഷകൾ | | |
| 117. | ഒരു മരം പദ്ധതി | | |

| | | | |
|---|---|---|---|
| 118. | ജൈവ വൈവിധ്യ രജിസ്റ്റർ | | |
| | **12. ആരോഗ്യ- കായിക വിദ്യാഭ്യാസം** | | |
| 119. | കായിക ശിൽപ്പശാല | | |
| 120. | നീന്തൽ സാക്ഷരത | | |
| 121. | കായിക പരിശീലനം | | |
| 122. | കളമൊരുക്കൽ (യു.പി. തലം) | | |
| 123. | പ്രാദേശിക പ്രതിഭാ ശിൽപശാല | | |
| 124. | പഠനസമയം | | |
| 125. | വിദഗ്ദ സഹായം | | |
| 126. | ഭൗതീക സൗകര്യം ശിൽപശാല | | |
| | **13. മറ്റു പ്രവർത്തനങ്ങൾ** | | |
| 127. | പേപ്പർ ബാഗ് | | |
| 128. | കുട നിർമ്മാണം | | |
| 129. | എംബ്രോയിഡറി | | |
| 130. | ചോക്ക് നിർമ്മാണം | | |
| 131. | വൈ ഫൈ സൗകര്യം | | |
| 132. | സ്കൂൾ വെബ്സൈറ്റ് | | |
| 133. | അറ്റകുറ്റപണികൾ | | |
| 134. | വെയ്സ്റ്റ് ബിൻ | | |

2025-26

June. 02 പ്രവേശനോത്സവം -

പ്രവേശനോത്സവം മുതൽ ആദ്യ ആഴ്ച
സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട
പ്രവർത്തനങ്ങൾ

June. 19 വായനാദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

June. 26 ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ →
സുംബ ഡാൻസ്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ഡോക്ടേഴ്സ് ദിന പ്രത്യേക പ്രവർത്തനങ്ങൾ

July 4 SMC ജനറൽ ബോഡി.

July 16 ക്രിയേറ്റീവ് കോർണർ → ശില്പശാല
ഉദ്ഘാടനം - ശ്രീ. ജൈനൻ. സി. കുട്ടി.

Aug 15. സ്വാതന്ത്ര്യദിനാഘോഷ പ്രവർത്തനങ്ങൾ

Aug 29. ഓണാഘോഷ പ്രവർത്തനങ്ങൾ

Sept (8). ഓണാവധിക്ക് ശേഷം School. പ്രവർത്തനം

October (2) ഗാന്ധിജയന്തി ആഘോഷങ്ങൾ
ശാസ്ത്ര കലാകായികമേളകൾ

Nov. 1 കേരളപ്പിറവി

14. ശിശുദിന പ്രത്യേക പരിപാടികൾ

Dec. ക്രിസ്തുമസ് X'mas Exam/ ആഘോഷപരിപാടികൾ

Jan 1 . ന്യൂ ഇയർ പ്രവർത്തനങ്ങൾ

Feb. 28 ശാസ്ത്രദിനം
March – Annual Exam / School Closing

സ്കൂളിൽ ഈ വർഷം ഏറ്റെടുത്ത്
ചെയ്യുന്ന പ്രത്യേക പ്രവർത്തനങ്ങൾ

1) Seed പ്രവർത്തനങ്ങൾ
നെൽകൃഷി → സ്കൂളിൽ പാടത്ത്
2) സ്കൂൾ ground ൽ പ്രീ പ്രൈമറിക്ക് വേണ്ടി
play Items സ്ഥാപിക്കൽ
3) ശാസ്ത്ര ലാബ് നവീകരണം.
4) ഹെൽത്ത് ക്ലബ്ബ്
5) ശലഭോദ്യാനം
6) കുട്ടികൾക്ക് പ്രാദേശിക വിദഗ്ധരുടെ
സഹായത്താൽ പ്രത്യേക പരിശീലനം
7) English Lab നവീകരണം.
8) റേഡിയോ. School റേഡിയോ ക്ലബ്ബ്
9) Spoken English Classes.
10) പരിസ്ഥിതി പ്രവർത്തനങ്ങൾ
11) വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ